(ജി) മുൻ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ ശമ്പള പരിഷ്ക്കരണം നടപ്പായതിന് തൊട്ടുവന്ന മാസത്തിൽ ആ ഗവൺമെന്റിന് വരവിനത്തിൽ കിട്ടിക്കൊണ്ടിരുന്ന ഓരോ രൂപയിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ് ഇനത്തിൽ എത്ര പൈസ വീതം ചെലവുവന്നിരുന്നു ?

ഉത്തരം

(എ-സി) 1-3-1992-നു ശേഷം നിലവിലുണ്ടായിരുന്ന ശമ്പളഘടനയ്ക്ക് അനുരൂപമായി അനിവാര്യം വേണ്ടിവന്ന ചില മാറ്റങ്ങളുടെ അടിസ്ഥാനത്തിലുണ്ടായ നേരിയ വ്യത്യസ്തകൾ ഒഴിച്ചാൽ സംസ്ഥാനത്തിന് 1-3-1997 മുതൽ നടപ്പിലാക്കിയ ശമ്പളസ്കെയിലുകൾ കേന്ദ്ര ശമ്പള നിരക്കുമായി ഏറെക്കുറെ സമാനമാണ്. ഇതിനുപരിയായി, ആദ്യത്തെ നാല് സ്കെയിലുകൾ കേന്ദ്ര നിരക്കിനേക്കാൾ ഉയർന്നതും പതിനൊന്ന് സ്കെയിലുകൾ കേന്ദ്ര സ്കെയിലുകളോട് സമാനതയുള്ളതുമാണ്.

(ഡി) ശരാശരി 52 പൈസ ചെലവായിക്കൊണ്ടിരുന്നു.

(ഇ) ശരാശരി 67 പൈസ ചെലവുവന്നു.

(എഫ്) ശരാശരി 49 പൈസ ചെലവ് വന്നിരുന്നു.

(ജി) ശരാശരി 43 പൈസ ചെലവ് വന്നിരുന്നു.

സർവ്വീസിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞവർ

23 (23) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം സംസ്ഥാന സർവ്വീസിൽ നിന്ന് എത്രപേർ പെൻഷൻപറ്റി പിരിഞ്ഞുപോയി ;

(ബി) ഈ കാലയളവിൽ എത്രപേർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകി ;

(സി) ഇപ്പോൾ എത്ര സ്ഥിരം വേക്കൻസികൾ സർക്കാർ സർവ്വീസിൽ ഉണ്ട് ;

(ഡി) ഈ സ്ഥിരം വേക്കൻസികളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെട്ട എത്രപേർ ജോലി ചെയ്യുന്നുണ്ട് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് പെൻഷൻ പ്രായം

24 (24) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഐ. എച്ച്.ആർ.ഡി. യിൽ പെൻഷൻ പ്രായം 58 വയസ്സ് ആക്കി ഉയർത്തിക്കൊണ്ട് ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ മറ്റ് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കു കൂടി ഇത് ബാധകമാക്കുമോ ;

(സി) തീരുമാനമെടുത്തിട്ടില്ലെങ്കിൽ, ഐ.എച്ച്.ആർ.ഡി., ഹെഡ് ആഫീസിൽ 55 വയസ്സ് കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്ന അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ പുറത്താക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരിശോധിക്കുന്നതാണ്.

പുതിയ തസ്തികകളുടെ ചെലവ്

25 (25) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) അതിൽ ഗസറ്റഡ് തസ്തിക എത്ര ; നോൺ ഗസറ്റഡ് തസ്തിക എത്ര ;

(സി) ഈ തസ്തികൾക്കുവേണ്ടി പ്രതിവർഷം എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ആശ്രിതർക്ക് നിയമനം നൽകുന്ന വ്യവസ്ഥകൾ

26 (26) ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി എത്ര ; കുടുംബ വരുമാനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) ശമ്പളത്തിലെ ഏതെല്ലാം ഇനങ്ങളാണ് വരുമാനത്തിന് കണക്കാക്കുന്നത് ;

(ഡി) വരുമാനം കൂടുതലുള്ള ആർക്കെങ്കിലും വ്യവസ്ഥകൾ ഇളവ് ചെയ്ത് നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly